# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3433 — 19/10/2016 -ൽ മറുപടിക്ക്

# പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് മഴവെള്ള സംഭരണി

## ചോദ്യം

ശ്രീ. എൻ.ഷംസുദ്ദീൻ

(എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക് മഴവെള്ള സംഭരണി നിർബന്ധമാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## മറുപടി

മാത്യു ടി.തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

(എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം XVI-A, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ അധ്യായം XVI എന്നിവയിൽ മേൽക്കൂരയിൽ നിന്നുള്ള മഴവെള്ളം കൊണ്ടുള്ള ഭൂജലപോഷണ സംവിധാനം, മഴവെള്ള സംഭരണ സംവിധാനം എന്നിവ വിവിധ കെട്ടിട നിർമ്മാണങ്ങളിൽ ഉൾപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പുൽ/ഓല കൊണ്ട് മേഞ്ഞ കൂരയുള്ള കെട്ടിടങ്ങളെയും 150 ചതുരശ്ര മീറ്റർ വരെ ഫ്ലോർ ഏരിയയും 320 ചതുരശ്ര മീറ്റർ വരെ പ്ലോട്ട് ഏരിയയും വരുന്ന ഏക കുടുംബ വാസഗൃഹങ്ങളെയും ഇതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

JSK/